## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 773** **29/10/2019 ൽ മറുപടിക്ക്**

### ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളകുടിശ്ശിക

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സി, ഡി ഗ്രേഡുകളിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേത്രങ്ങളിൽ നിന്ന് വേണ്ടത്ര വരുമാനമില്ലാത്തതിനാൽ പത്തുവർഷം മുമ്പുള്ള ശമ്പളപരിഷ്കരണ പ്രകാരമുള്ള ശമ്പളം പോലും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; | (എ), (ബി), & (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, ശമ്പളം നൽകുന്നതിന് ക്ഷേത്ര വരുമാനം തികയാതെ വരുന്ന സാഹചര്യത്തിൽ മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 15 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തി 03/09/2019 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോരോന്നും സ്വതന്ത്ര യൂണിറ്റുകളായി ക്ഷേത്ര ഭരണം ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലാണ്. ക്ഷേത്ര ഭരണം നേരിട്ട് നടത്തുന്ന ട്രസ്റ്റിമാർ ക്ഷേത്ര കണക്കുകൾ യഥാസമയം തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിലും ക്ഷേത്ര കണക്കുകളിൽ കൃത്രിമത്വം ബോധ്യപ്പെടുന്ന സാഹചര്യത്തിലും |
| (ബി) | ഇപ്രകാരമുള്ള ക്ഷേത്രങ്ങളിലെ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ; ഇപ്രകാരം കണക്ക് സമർപ്പിച്ച ക്ഷേത്രങ്ങൾക്ക് സർക്കാരിൽ നിന്ന് കുടിശ്ശിക വിതരണം ചെയ്യാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ചെറുകിട ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളകുടിശ്ശിക ഉടൻ അനുവദിച്ച് അവരുടെ ദുരിതം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ ? | | |

| | | |
|---|---|---|
| | | മാത്രമാണ്, ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത്. ശമ്പളം നൽകുന്നതിന് മതിയായ വരുമാനമില്ലെങ്കിലും ക്ഷേത്രക്കണക്കുകൾ യഥാസമയം സമർപ്പിക്കുന്ന ക്ഷേത്രങ്ങൾക്ക് ശമ്പള കുടിശ്ശിക അനുവദിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലയെന്നുള്ള പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ